# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.6771

04.04.2018-ൽ മറുപടിക്ക്

**ഡെപ്യൂട്ടി തഹസീൽദാർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള കാലതാമസം**

ചോദ്യം
**ശ്രീ. അൻവർ സാദത്ത്**

മറുപടി
**ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) റവന്യൂ വകുപ്പിൽ അൻപത് വയസ് പൂർത്തിയായ ഡെപ്യൂട്ടി തഹസീൽദാർ മാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ; | ബി & സി സ.ഉ(സാധാ) നം. 7263/12/റവ. തീയതി 26.12.2012,സ.ഉ(സാധാ) 54/13/റവ തീയതി 03.01.2013 എന്നീ ഉത്തരവുകൾ പ്രകാരം 122 ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ടുമാരുടെ പ്രൊബേഷൻ കെ.എസ് & എസ്.എസ്.ആർ റൂൾ 21 പ്രകാരം സർക്കാർ ദീർഘിപ്പിച്ച നൽകിയിരുന്നു. എന്നാൽ ഇതിനെതിരെ ചില റവന്യൂ ജീവനക്കാർ OA 964/13 നമ്പരായി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജിയിലെ വിധിപ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച നൽകിയ blanket extension ഉത്തരവുകൾ ശരിയായ |
| സി) ഇവരുടെ പ്രൊബേഷൻ അടിയന്തിരമായി പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കുമോ? | |

വിധത്തിൽ പരിശോധിക്കാതെ പുറപ്പെട്ടുവിച്ചിട്ടുള്ളതാണെന്നും ഓരോരുത്തരുടെയും പ്രൊബേഷൻകാലം ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപ്പോസ്സലുകൾ വെവ്വേറെ പരിശോധിച്ച് ഓരോരുത്തരെയും നേരിൽ കേട്ടതിനുശേഷം വെവ്വേറെ ഉത്തരവുകൾ പുറപ്പെടുവിയ്ക്കണമെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയും ഇതു സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. ഈ വിഷയത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിയ്ക്കുന്ന മുറയ്ക്ക് 50 വയസ്സ് പൂർത്തിയായ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടികൾ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ